**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 857** **29-08-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വികസന വകുപ്പിന്റെ ഐ.ടി.ഐ.കളിൽ പുതിയ കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐകളിൽ പുതുതായി ഏതെല്ലാം കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ; | (എ) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള മര്യാപുരം ഐ റ്റി ഐ യിൽ മെക്കാനിക് (എ സി), കോപ്പ എന്നീ കോഴ്സുകളും, കടകംപള്ളി ഐ റ്റി ഐ യിൽ ഡി സിവിൽ, ഫിറ്റർ, കോപ്പ എന്നീ കോഴ്സുകളും, ആറ്റിപ്ര ഐ റ്റി ഐ യിൽ ടർണർ എന്ന കോഴ്സും, മാടപ്പള്ളി ഐ റ്റി ഐ യിൽ ഡി സിവിൽ എന്ന കോഴ്സും, മധുരവേലി ഐ റ്റി ഐ യിൽ വെൽഡർ എന്ന കോഴ്സും, ഓച്ചിറ, പാണ്ടിക്കാട് എന്നീ ഐ.റ്റി.ഐ കളിൽ ഇലക്ട്രീഷ്യൻ എന്ന കോഴ്സും, പാലപ്പുറം ഐ റ്റി ഐ യിൽ ആർക്കിടെക്ചറൽ ഡ്രാഫ്റ്റ്സ്മാൻ മെക്കാനിക് മോട്ടോർ വെഹിക്കിൾ എന്നീ കോഴ്സുകളും, എടത്തുരുത്തി ഐ റ്റി ഐ യിൽ മെക്കാനിക് റഫ്രിജറേഷൻ & എയർ കണ്ടീഷൻ ട്രേഡുകളും പുതുതായി ആരംഭിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. കൂടാതെ വെട്ടിക്കവല ഐ റ്റി ഐ യിൽ ഫിറ്റർ, ഡി സിവിൽ, സർവ്വെയർ എന്നീ കോഴ്സുകൾ പുതുതായി ആരംഭിയ്ക്കുന്നത് സംബന്ധിച്ച വിഷയത്തിൽ നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>കൂടാതെ, നിലവിലുള്ള ട്രേഡുകൾക്കും പുതിയതായി ആരംഭിക്കുന്ന ട്രേഡുകൾക്കുമൊപ്പം ജോലി സാദ്ധ്യതയേറെയുള്ളതും കാലഘട്ടത്തിനു അനുയോജ്യമായതുമായ കോഴ്സുകൾ Add-on courseകളായി ഉൾപ്പെടുത്തി പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള 46 ഐ റ്റി ഐ കളിലും വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. |
| (ബി) | മാവേലിക്കര മണ്ഡലത്തിലെ പട്ടികജാതി വികസനവകുപ്പിന്റെ കീഴിലുള്ള ഉമ്പർനാട് ഐ.ടി.ഐ.യിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന | (ബി) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള മാവേലിക്കര ഐ.റ്റി.ഐ.യിൽ ഏകവത്സര കോഴ്സായ കാർപെന്റർ എന്ന കോഴ്സിലും ദ്വിവത്സര കോഴ്സായ ഇലക്ട്രോണിക് മെക്കാനിക് എന്ന |

| | | | |
|---|---|---|---|
| | കാര്യം പരിഗണനയിലുണ്ടോയെന്നും ഏതെല്ലാം കോഴ്സുകളാണ് ആരംഭിക്കുന്നതെന്നും വ്യക്തമാക്കുമോ? | | കോഴ്സിലുമാണ് നിലവിൽ പരിശീലനം നൽകി വരുന്നത്. പ്രസ്തുത ഐ.റ്റി.ഐ.യിൽ പുതുതായി ട്രേഡുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല. എന്നാൽ Add-on courseകൾ ആരംഭിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ